**"ഭരണഭാഷ – മാതൃഭാഷ"**

നം: പി4/13804/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 21.11.2018
ഫോൺ.നം:0471 -2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – ന്യൂ ഇനിഷിയേറ്റീവ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ - WWS/SSP പദ്ധതികൾ - ഫണ്ടിന്റെ വിനിയോഗം- സംബന്ധിച്ച്.

സൂചന:- 1. ജി.ഒ(പി)നം.88/18/ഫിൻ തീയതി.11.06.2018
2. 06.08.2018-ലെ എഫ്2/215/18/ഉ.വി.വ നമ്പർ സർക്കാർ കത്ത്

* * *

WWS/SSP എന്നീ പദ്ധതികൾക്കായി ഫണ്ട് അനുവദിക്കുന്നതിനും വിനിയോഗത്തിനും കാലതാമസം ഉണ്ടാകാൻ പാടില്ല എന്ന് സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമുകൾക്ക് വേണ്ടി കോളേജുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിനിയോഗത്തിൽ ചില ബുദ്ധിമുട്ടികൾ നേരിടുന്നുണ്ടെന്ന് വിവിധ കോളേജ് പ്രിൻസിപ്പാൾമാർ അറിയിച്ച സാഹചര്യത്തിൽ WWS/SSP പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ടി പ്രോഗ്രാമിന്റെ പേരിൽ ബാങ്ക് അക്കൌണ്ടോ ട്രഷറി അക്കൌണ്ടോ ആരംഭിച്ച് പ്രസ്തുത അക്കൌണ്ടിലേയ്ക്ക് ആവശ്യമായ തുക മാത്രം അഡ്വാൻസ് അനുവദിക്കാവുന്നതാണ്. പ്ലാൻ ഫണ്ട് വിനിയോഗത്തിൽ പാലിക്കേണ്ട എല്ലാ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് പ്രിൻസിപ്പാൾ ഉറപ്പ് വരുത്തേണ്ടതാണ്. അഡ്വാൻസ് ആയി അനുവദിച്ച തുകയുടെ വിനിയോഗ ബില്ലുകളും വൌച്ചറുകളും പ്രിൻസിപ്പാൾ കൃത്യമായി പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ സെറ്റിൽമെന്റ് നടത്തേണ്ടതാണ്.

ഒപ്പ്/-
ജയശ്രീ
സീനിയർ ഫൈനാൻസ് ഓഫീസർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ഗവണ്മെന്റ് /എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും
3. WWS/SSP സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
4. കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.ജി : 21.11.2018

GOVERNMENT OF KERALA 2017-18

154888